# കേരള കാർഷിക സർവ്വകലാശാല

ഇൻസ്ട്രക്ഷണൽ ഫാം, കെ.സി.എ.ഇ.ടി,തവനൂർ 679573, മലപ്പുറം.

ഇ–മെയിൽ : farm.kcaet@kau.in, ഫോൺ : 0494 2686214


നമ്പർ:–ഐ.എഫ്/A1/2814/20 തീയതി: 13.08.2021

## ക്വട്ടേഷൻ നോട്ടീസ്

ഇൻസ്ട്രക്ഷണൽ ഫാം, കേരള കാർഷിക സർവ്വകലാശാല, തവനൂർ ലെ നടീൽ വസ്തുക്കളുടെ വർദ്ധിത ഉൽപാദനം, ഫലവൃക്ഷങ്ങളുടെയും തോട്ടവിളകളുടെയും പരിപാലനസംരക്ഷണം തുടങ്ങിയവ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയിലേക്ക് കാർഷികവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുവാൻ തയ്യാറുള്ള സ്ത്രീകളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ ഇതോടൊപ്പമുള്ള മാതൃകാ ഫോറത്തിൽ എഴുതി തയ്യാറാക്കി പ്രവൃത്തി ചെയ്യാൻ ഒരു ദിവസത്തേക്ക് ഒരു സ്ത്രീയുടെ നിരക്ക് അക്കത്തിലും അക്ഷരത്തിലും പ്രത്യേകം എഴുതി പേരും പൂർണ്ണ മേൽവിലാസവും എഴുതി കവറിൽ അടക്കം ചെയ്ത് കവറിന് പുറത്ത് **ഇൻസ്ട്രക്ഷണൽ ഫാം, കെ.സി.എ.ഇ.ടി.യിലെ 'കൃഷിപ്പണിക്കുള്ള ക്വട്ടേഷൻ'** എന്ന് എഴുതി **പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, കെ.സി.എ.ഇ.ടി, തവനൂർ പി.ഒ, മലപ്പുറം ജില്ല** എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി – **26.08.2021** ഉച്ചക്ക് **2:30** മണി വരെ.
ക്വട്ടേഷൻ തുറക്കുന്ന സമയം – **26.08.2021** ഉച്ചക്ക് **3** മണിക്ക് (തത്സമയം ഹാജരായവരുടെ സാന്നിധ്യത്തിൽ)

കാർഷിക പ്രവൃത്തികളുടെ വിശദവിവരങ്ങളും ക്വട്ടേഷൻ സമർപ്പിക്കേണ്ട മാതൃകാ ഫോറവും.

| പ്രവൃത്തിയും വിശദാംശങ്ങളും | നിരക്ക് അക്കത്തിലും അക്ഷരത്തിലും |
|---|---|
| ഫാമിലെ പച്ചക്കറി വിത്തുല്പ്പാദനത്തിനുള്ള നിലമൊരുക്കൽ, കള പറിക്കൽ, നടീൽ പ്രവർത്തനങ്ങൾ, വിളപരിപാലനം, മറ്റ് കാർഷിക വൃത്തികൾ മുതലായവ | ദിവസം…………രൂപ എന്ന നിരക്കിൽ ഒരു സ്ത്രീ തൊഴിലാളിക്ക് |

മേൽപറഞ്ഞ കാർഷിക പ്രവൃത്തികൾ നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പൂർണ്ണ മേൽനോട്ടത്തിലും നിർദ്ദേശമനുസരിച്ചും താഴെ പറയുന്നനിബന്ധനകൾക്കും വിധേയമായി ചെയ്ത് തീർക്കേണ്ടതാണ്.

നിബന്ധനകൾ

1. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെയുള്ള സമയത്ത് ജോലികൾ ചെയ്ത് തീർക്കണം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ നിർദ്ദേശിക്കുന്ന കാലാവധിക്കുള്ളിൽ ജോലി പൂർത്തീകരിക്കുന്നതിന്റെയും, മതിയായ തൊഴിലാളികളെ ലഭ്യമാക്കുന്നതിന്റെയും ഉത്തരവാദിത്വം ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടിയ വ്യക്തി ഏറ്റെടുക്കേണ്ടതാണ്.
3. ജോലിക്ക് ആവശ്യമായിട്ടുള്ള ഉപകരണങ്ങൾ കരാറുകാരൻ തന്നെ കൊണ്ടുവരേണ്ടതാണ്.
4. ക്വട്ടേഷൻ കാലാവധി ഒരു വർഷമായിരിക്കും. ദിവസം ഒന്നിന് ലഭിക്കേണ്ടതായ നിരക്ക് വ്യക്തമായി കാണിച്ചിരിക്കണം.
5. പ്രവൃത്തി കാലഘട്ടത്തിൽ സ്ഥാപനത്തിലെ വസ്തുവകകൾക്ക് കഷ്ടനഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ ഏറ്റെടുക്കുന്ന വ്യക്തി ഉത്തരവാദിയായിരിക്കുന്നതും നഷ്ടം വസൂലാക്കുന്നതുമാണ്.
6. ക്വട്ടേഷൻ സമർപ്പിക്കുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന കരാറുകാരന് അതിനുള്ള തുക വാങ്ങുന്നതിലപ്പുറം യാതൊരുവിധ ആനുകൂല്യമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.
7. കരാർ ജോലികൾ നിർത്തിവെക്കുന്നതിനും നീട്ടിവെക്കുന്നതിനും കാരണം കാണിക്കാതെ തിരസ്ക്കരിക്കുന്നതിനും ഉള്ള അധികാരം പ്രൊഫസർ & ഹെഡ് ഇൻസ്ട്രക്ഷണൽ ഫാമിൽ നിക്ഷിപ്തമായിരിക്കും.
8. സർക്കാർ, സർവ്വകലാശാല ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി ബന്ധപ്പെടുക.
9. കരാർ ജോലി ഏറ്റെടുക്കുന്ന വ്യക്തിയിൽ നിന്നും സർക്കാർ നിഷ്ക്കർഷിക്കുന്ന നിരക്കിൽ ആദായനികുതി ഈടാക്കുന്നതാണ്. ഇതിനായി കരാറുകാരൻ പാൻകാർഡിന്റെ കോപ്പി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
10. ക്വട്ടേഷൻ നടപടികൾ മുൻകൂർ കാരണങ്ങൾ ഇല്ലാതെതന്നെ, നിരക്കുകൾ സ്വീകാര്യമല്ലെങ്കിലും നിർത്തിവെക്കുവാൻ പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം ന് അധികാരമുണ്ട്.
11. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്.

ഒപ്പ്

പ്രൊഫസർ & ഹെഡ്

സ്വീകർത്താവ്,

1. നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം)
2. ഗ്രാമപഞ്ചായത്ത് തവനൂർ
3. കൃഷിഭവൻ,തവനൂർ, കെ.സി.എ.ഇ.ടി വെബ്സൈറ്റ്

പകർപ്പ്: പ്രൊഫസർ & ഹെഡ്, ഫാം/ ഫാം സൂപ്രണ്ട്/ ഫാം മാനേജർമാർ / ബി സെക്ഷൻ/കാഷ് സെക്ഷൻ/ കരുതൽ ശേഖരം/ മിച്ചം.